**15 –ാം കേരള നിയമസഭ**

**13 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4315** **18-03-2025 - ൽ മറുപടിയ്ക്ക്**

**തകർച്ച നേരിടുന്ന വ്യവസായ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിരവധി വ്യവസായ സംരംഭങ്ങൾ വിവിധ കാരണങ്ങളാൽ പ്രതിസന്ധി നേരിടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ഒരു ചെറിയ ശതമാനം വ്യവസായ സംരംഭങ്ങളും ചില കശുവണ്ടി വ്യവസായ സംരംഭങ്ങളും വിവിധ കാരണങ്ങളാൽ പ്രതിസന്ധി നേരിടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ വ്യവസായ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത് എന്ന് വിശദമാക്കുമോ; | (ബി) | സംരംഭങ്ങളുടെ വിജയവും. സുസ്ഥിതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങളും പദ്ധതികളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരുന്നുണ്ട്. പുതുതായി രൂപീകരിച്ച സംരംഭങ്ങൾ സന്ദർശിക്കുകയും അവരുടെ ആവശ്യകത വിലയിരുത്തുകയും ചെയ്യുന്നു. സംരംഭങ്ങളുടെ പ്രവർത്തനനില, നേരിടുന്ന വെല്ലുവിളികൾ/പ്രശ്നങ്ങൾ, അടച്ചുപൂട്ടാനുള്ള കാരണങ്ങൾ, പ്രവർത്തനരഹിതമായ യൂണിറ്റുകൾ ക്കുള്ള പുനരുജ്ജീവനത്തിനുള്ള പദ്ധതികൾ, ആവശ്യമായ സഹായം/മറ്റ് പ്രത്യേക ആവശ്യങ്ങൾ എന്നീ വിവരങ്ങൾ ഈ സർവേ വഴി ശേഖരിക്കുന്നു. ഈ സർവേയുടെ കണ്ടെത്തലുകളുടെ അടിസ്ഥാന ത്തിൽ സംരംഭകർക്കു വേണ്ടി പ്രത്യേക കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ, എം.എസ്.എം.ഇ ക്ലിനിക്കുകൾ, ടെക്നോളജി ക്ലിനുക്കുകൾ മുതലായവ സംഘടിപ്പിച്ചു വരുന്നു. ധനകാര്യം, വിപണനം, സാങ്കേതികവിദ്യ ലൈസൻസിംഗ്, വ്യവസായ സാധ്യതകൾ, ക്ലസ്റ്റർ വികസനത്തിനുള്ള സാധ്യതകൾ, നൂതനമായ ബിസിനസ് ആശയങ്ങൾ മുതലായവയെക്കുറിച്ചുള്ള ക്ലാസുകൾ ഉൾപ്പെടുന്ന ജനറൽ ഓറിയന്റേഷൻ പരിശീലനങ്ങളുടെ റിഫ്രഷർ സെഷനുകളും നടത്തി വരുന്നുണ്ട്<br><br>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉത്പന്നങ്ങൾ/സേവനങ്ങൾ, വിപണനം ചെയ്തതിനു ശേഷം/ സേവനം നൽകിയതിന് ശേഷം യഥാസമയം പ്രതിഫലം (തുക) ലഭിക്കാതെ കാലതാമസം വരുന്നത് അവയുടെ തുടർന്നുള്ള പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്ന തിനായി തിരവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറ്ക്ടറേറ്റിലുമായി ആകെ നാല് മൈക്രോ & സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിലുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. സൂക്ഷ്മ.-ചെറുകിട സംരംഭകർ ഏർപ്പെട്ടിരിക്കുന്ന സാധന/സേവന വിപണനവുമായ ബന്ധപ്പെട്ട ഉൽപ്പന്നത്തിന്/ സേവനത്തിനു നീതിയുക്തമായി ലഭിക്കേണ്ടതായ പണത്തിനു കാലതാമസം നേരിടുകയോ (Delayed payment) ലഭിക്കാതെ വരികയോ ചെയ്യുന്ന പക്ഷം ആയതിന്റെ പരിഹാരത്തിനായി മേൽ കൗൺസിലിനെ സമീപിക്കാവുന്നതാണ്. |

2023-24 സാമ്പത്തിക വർഷം 31/03/2023 വരെ നിലവിലുണ്ടായിരുന്ന 'തകർച്ച നേരിടുന്ന എം. എസ്. എം.ഇ-കളുടെ പുനരധിവാസവും പുനരുജ്ജീവനവും പ്രവർത്തനരഹിതമായ യൂണിറ്റുകൾ കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവു, പുനരുജജിവനവും' എന്നീ രണ്ടു പദ്ധതികൾ സംയോജിപ്പിച്ച് 'തകർച്ച നേരിടുന്ന (stressed Assets) എം.എസ്.എം.ഇ-കൾ പ്രവർത്തനരഹിതമായ എം.എസ്.എം.ഇ-കൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി എന്ന പേരിൽ പുതിയ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതി പ്രകാരം തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed Assets) പുനരുജ്ജീവി പ്പിക്കുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെയും പ്രവർത്തനരഹിതമായ യൂണിറ്റുകൾ (Defunct MSMEs) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 8 ലക്ഷം രൂപ വരെയും പദ്ധതി നിബന്ധനകൾക്ക് വിധേയമായി നൽകുന്നു. പദ്ധതി പ്രകാരം നാല് തരം സഹായങ്ങൾ (ഘടകങ്ങൾ) ആണ് നൽകുന്നത്. അവ ചുവടെ ചേർക്കുന്നു. ഇതിൽ അനുയോജ്യമായ ഒരു ഘടകത്തിന് മാത്രമായിരിക്കും യൂണിറ്റിന് അപേക്ഷിക്കുവാൻ കഴിയുക. അതായത് ഏതെങ്കിലും ഒരു ഘടകപ്രകാരം ഉള്ള ആനുകൂല്യത്തിന് അപേക്ഷിക്കുവാൻ കഴിയുകയില്ല.

a. ബാങ്ക് ലോൺ കടിശ്ശിക തീർപ്പാക്കുന്നതിനുള്ള സഹായം ((Assistance for clearance to bank loan overdue)

തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed Asset) ക്ക് ബാങ്ക് ലോൺ കുടിശ്ശിക (overdue) യുടെ 50% പരമാവധി ഒരു ലക്ഷം രൂപ വരെ നിബ
ഡനകൾക്ക് വിധേയമായി നൽകുന്നു.

b. പുതുതായി/ അധികമായി എടുക്കുന്ന ലോണിന് നൽകുന്ന സഹായം (Grant Assistance for additional/ new bank loan)

ബാങ്ക് വായ്പയെടുത്ത് യൂണിറ്റ് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നൽകുന്ന സഹായമാണിത്. ജില്ലാതല എക്സ്പെർട്ട് കമ്മറ്റി ശിപാർശ ചെയ്യുന്ന പ്രോജക്ട് റിപ്പോർട്ട് പ്രകാരം ലഭിക്കുന്ന ബാങ്ക് ലോണിന് ആയിരിക്കും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുക. ഇപ്രകാരം അപേക്ഷിക്കുന്ന തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed Asset)പുനരുജ്ജിവിപ്പിക്കുന്നതിന് പരമാവധി അഞ്ചു ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി നൽകുന്നു. പ്രവർത്തനരഹിതമായ യൂണിറ്റുകൾ (Defunct MSMEs)പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവമധി 8 ലക്ഷം രൂപ വരെ പദ്ധതി നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

c. യൂണിറ്റ് പുനരുജ്ജീവിപ്പിക്കുന്നതിന് നൽകുന്ന സഹായം (Revitalization Grant Assistance)

പ്രവർത്തനരഹിതമായ യൂണിറ്റുകൾ (Defunct MSMEs)സംരംഭകൻ സ്വന്തം മുതൽ മുടക്ക് ഉപയോഗിച്ചോ, ബാങ്ക് ലോൺ എടുത്തോ യൂണിറ്റ് പുനരുജ്ജീവിപ്പിച്ചു പ്രവർത്തനം ആരംഭിക്കുക ആണെങ്കിൽ അത്തരം യൂണിറ്റുകൾക്ക് നൽകുന്ന സഹായം ആണിത്. ഇപ്രകാരം അപേക്ഷ സമർപ്പിക്കുന്ന യൂണിറ്റുകൾക്ക് പരമാവധി 8 ലക്ഷം രൂപ വരെ പദ്ധതി നിബന്ധനകൾക്ക് വിധേയമായി നൽകുന്നു .

d. പ്രവർത്തനരഹിതമായ യൂണിറ്റുകൾ ഏറ്റെടുത്തു പ്രവർത്തിപ്പിക്കുന്നതിന് നൽകുന്ന സഹായം. ((Assistance of takeover of defunct MSMEs)

പ്രവർത്തനരഹിതമായ യൂണിറ്റുകൾ ഏറ്റെടുത്തു പ്രവർത്തന നിരതമാക്കുകയാണെങ്കിൽ ഇപ്രകാരം ഉള്ള യൂണിറ്റുകൾക്ക് ഏറ്റെടുക്കൽ തുകയുടെ 30 ശതമാനം പരമാവധി ഒരു ലക്ഷം രൂപ വരെ പദ്ധതി നിബന്ധനകൾക്ക് വിധേയമായി നൽകുന്നു. മേൽ നാലു ഘടകങ്ങളിൽ ഏതെങ്കിലും ഒരു ഘടകപ്രകാരം ഉള്ള ആനുകൂല്യത്തിന് മാത്രം ആണ് ഒരു യൂണിറ്റിന് അപേക്ഷിക്കുവാൻ കഴിയുക. എങ്കിലും തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed Asset)പുനരുജ്ജീവിപ്പിക്കുന്നതിന് 'ബാങ്ക് ലോൺ കടിശ്ശിക തീർപ്പാക്കുന്നതിനുള്ള സഹായം (Assistance for Clearance to bank loan overdue)പ്രകാരം ഉള്ള ആനുകൂല്യം ലഭിക്കുന്നതിനും 'പുതിയതായി/അധികമായി എടുക്കുന്ന ലോണിന് നൽകുന്ന സഹായം (Grant Assistance for additional/ new bank loan)' പ്രകാരം ഉള്ള ആനുകൂല്യം ലഭിക്കുന്നതിനും അർഹത ഉണ്ടായിരിക്കുന്നതാണ്. ആയതിന് ഒരു അപേക്ഷയിൽ മേൽ രണ്ടു ആനുകൂല്യങ്ങളും ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

കശുവണ്ടി മേഖലയിലെ യൂണിറ്റുകൾക്കുള്ള പദ്ധതികൾ

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തകർച്ച നേരിടുന്ന കശുവണ്ടി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ച് വ്യവസായവാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന സഹായ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ് പദ്ധതി (Revival Rejuvenation and Resurrection of Private Cashew Industry Sector )

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി മാനേജ്മെന്റ് അക്കാദമിക രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി 13.10,2022 തീയതിയിലെ സ.ഉ.(സാധാ) നമ്പർ.1111/2022/ഐഡി പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മറ്റി, കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി 2022-23ലെ ബജറ്റിൽ പ്രഖ്യാപിച്ച 30.00 കോടി രൂപയുടെ പദ്ധതി നിർവ്വഹണത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. അതിൽ 2 കോടി രൂപയ്ക്ക് 2024-25 വർഷത്തേയ്ക്ക് ഭരണാനുമതിലഭിച്ചു. (19.08.2024 തീയതിയിലെ G.O. (Rt) No.749/2024/ID), ശീർഷകം 2852-08 -600-75-[P).

A) Continued Operation Linked Stimulus Programme - 20 കോടി രൂപ

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 20 കോടി രൂപ നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തന തിനും മികച്ച ഉൽപ്പാദനക്ഷമതയ്ക്കും പ്രോത്സാഹന ത്തിനും തൊഴിൽ പുനസ്ഥാപിന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

B) Women Friendly Physical infra Creation/Upgradation - 5 കോടി രൂപ

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും

| | | | |
|---|---|---|---|
| | | | കഴിയുന്ന തരത്തിൽ സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു.<br><br>C. Modernization/Upgradation of Shelling Units – 5 കോടി രൂപ<br><br>2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിങ്ങ് വിഭാഗത്തിന്റെ നവീകരണത്തിനായാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണങ്ങൾ പ്ലാന്റ് & മെഷിനറി എന്നിവയ്ക്ക് ആവശ്യമായ മൊത്തം മൂലധനച്ചെലവിന്റെ 50 ശതമാനം വരെ ക്യാപ്പിറ്റൽ ഗ്രാന്റായി അനുവദിക്കുന്നു.<br><br>**2) Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.**<br><br>കേരളത്തിലെ ചെറുകിട (Investment less than 10 crore and turnover up to 50 crore) ഇടത്തരം (Investment between 10 and 20 crore and turn over 100 crore) കാഷ്യൂ ഫാക്ടറിയുടെ നവീനവത്കരണത്തിനു മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതിക്ക് രണ്ടു ഘടകങ്ങളാണുള്ളത്.<br><br>A) Capital Grant ( മൂലധന ഗ്രാന്റ്)<br><br>ചെറുകിട ഇടത്തരം കാഷ്യു ഫാക്ടറികൾക്ക് അവയുടെ സ്ഥിരാസ്തി മൂലധനത്തിന്മേലും, Technology up-gradation തുക അനുവദിക്കുന്നു. 2020 മാർച്ചിൽ പ്രവർത്തനമുള്ളതും തുടർന്ന് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതുമായ ഫാക്ടറികൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. ആനുകൂല്യം ലഭിക്കുന്ന യൂണിറ്റുകൾ തുടർച്ചയായ 5 വർഷം പ്രവർത്തിക്കേണ്ടതാണ്. മൂലധന ഗ്രാന്റായി പരമാവധി 40 ലക്ഷം രൂപ അനുവദിക്കുന്നു. ടി ആനുകൂല്യം ഒരു തവണ മാത്രമേ അനുവദിക്കുകയുള്ളൂ. ജനറൽ കാറ്റഗറിക്ക് 'investmentന്റെ 40% SC/ST/Women/Youth/Differently abled എന്നിവർക്ക് 50% -വും ആനുകൂല്യമായി ലഭിക്കുന്നു.<br><br>B) Interest Subvention (പലിശ സബ്സിഡി)<br><br>പ്രവർത്തന മൂലധന ആവശ്യത്തിനായി എടുത്ത ലോണുകളിൽ അടച്ച പലിശയ്ക്ക് സബ്സിഡി അനുവദിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തന മൂലധന/ക്യാഷ് ക്രെഡിറ്റ് ലോൺ എടുത്തതും നിലവിൽ പ്രവർത്തിക്കുന്നതുമായ ചെറുകിട ഇടത്തരം കാഷ്യൂ ഫാകറികൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്. അടച്ച പലിശയുടെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ പലിശ സബ്സിഡിയായി അനുവദിക്കുന്നു നിയന്ത്രണങ്ങൾക്ക് വിധേയമായി പരമാവധി 3 തുടർച്ചയായ വർഷങ്ങളിൽ തുക അനുവദിക്കുന്ന ആനുകലൃം ലഭ്യമായ യൂണിറ്റുകൾ തുടർച്ചയായി 5 വർഷം പ്രവർത്തിക്കേണ്ടതാണ്. |

<table>
<tr>
<td>(സി)</td>
<td>പ്രസ്തുത പദ്ധതികളുടെ ഭാഗമായി തകർച്ച നേരിടുന്ന ഏതെങ്കിലും സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?</td>
<td>(സി)</td>
<td>
ഉണ്ട്, സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022-23 മുതൽ പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങളും പദ്ധതികളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്. പുതുതായി രൂപീകരിച്ച സംരംഭങ്ങൾ സന്ദർശിക്കുകയും അവയിൽ തകർച്ച നേരിടുന്ന സംരംഭങ്ങളെ പ്രത്യേകമായി കണ്ടെത്തി അവയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത് വരുന്നുണ്ട്. ഇപ്രകാരം 2022-23 മുതൽ പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളിൽ തകർച്ച നേരിട്ട 643 സംരംഭങ്ങൾ വിവിധ ജില്ലകളിലായി പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.
സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം ഉയർത്തെഴുന്നേൽപ് പദ്ധതി (Revival Rejuvenation and Resurrection of Private Cashew Industry Sector) പ്രകാരം 2024-25 വർഷത്തേയ്ക്ക് (19.08.2024 തിയതിയിലെ G.O(Rt) No.749/2024/ID), ഉത്തരവ് പ്രകാരം ശീർഷകം 2852-08-600-75-(P)-ൽ 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. വിതരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട കാസറഗോഡ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് 200 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.
Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood പ്രകാരം 2022-23 സാമ്പത്തിക വർഷം "Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood"പദ്ധതിക്ക് 700 ലക്ഷം രൂപ 17.02.2023 തീയതിയിലെ G.O.(Rt)No.143/2023/ID നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ 220 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,കാസറഗോഡ് ജില്ലകളിലെ 26 കശുവണ്ടി യൂണിറ്റുകൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിട്ടുണ്ട്.
2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 100 ലക്ഷം രൂപയിൽ ആകെ 43.53 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം കാസർഗോഡ് ജില്ലകളിലെ 7 കശുവണ്ടി യൂണിറ്റുകൾക്ക് അതത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിട്ടുണ്ട്.
2024-25 (നടപ്പ് സാമ്പത്തിക വർഷം) പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി 2852-08-600-79-(P) എന്ന ശീർഷകത്തിൽ 26.06.2024 തിയതിയിലെ G.O. (Rt) No.512/2024/ID നമ്പർ ഉത്തരവ് പ്രകാരം ലഭിച്ചിരുന്നു. തുടർന്ന് 07,08.2024 തീയതിയിലെ G.O(Rt)No.707/2024/ID നമ്പർ ഉത്തരവ് പ്രകാരം 40 ലക്ഷം രൂപയുടെ വിതരണാനുമതി ലഭ്യമായി. ആയതിൽ തിരുവനന്തപുരം, കൊല്ലം ജില്ലകൾ ടി പദ്ധതിക്കായി തുക ആവശ്യപ്പെട്ടതിൻ പ്രകാരം 40 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടമായി ലഭിച്ച 40 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.
01.03.2023 വരെ നിലവിലുണ്ടായിരുന്ന 'തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരധിവാസവും പുനരുജ്ജീവനവും', 'പ്രവർത്തന രഹിതമായ യൂണിറ്റുകൾ; കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും' എന്നി പദ്ധതികൾ പ്രകാരം കുടിശ്ശിക ഉണ്ടായിരുന്ന തുക 2023-24, 2024-25 വർഷങ്ങളിൽ നൽകിയിരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>പദ്ധതിയുടെ പേര്</td><td>2023-24</td><td>2024-25</td></tr>
<tr><td></td><td></td><td></td></tr>
</table>
</td>
</tr>
</table>

| | എണ്ണം | തുക (രൂപയിൽ) | എണ്ണം | തുക (രൂപയിൽ) |
|---|---|---|---|---|
| തകർച്ച നേരിടുന്ന എം.എസ്.എം.ഇ യൂണിറ്റുകളുടെ പുനരുദ്ധാരണ പദ്ധതി<br><br>(2851-00-102-33) | 0 | | 4 | 8,70,947 |
| പ്രവർത്തന രഹിതമായ എം.എസ്.എം.ഇ യൂണിറ്റുകളുടെ പുനരുദ്ധാരണവും പുന:രുജ്ജീവനവും പദ്ധതി<br><br>(2851-00-102-26) | 2 | 884580 | 0 | 0 |

സെക്ഷൻ ഓഫീസർ